# SREE PADMANABHA SWAMY TEMPLE

MATHILAKAM OFFICE, NORTH NADA, FORT, THIRUVANANTHAPURAM – 695023
Phone: 0471 2450233, 2450031; Fax: 0471 2450233
Website: www.spst.in ; E-mails: eospsttvpm@gmail.com
mathilakamofficespst@gmail.com


നമ്പർ ബി.1/എസ്.പി.എസ്.റ്റി/എം.ഒ/1933/2021 13.09.2021

## ടെൻഡർ ക്ഷണിക്കുന്നു

ശ്രീപത്മനാഭസ്വാമിക്ഷേത്രം വടക്കേനടയിൽ നവീകരിച്ച ക്ഷേത്രം വക 5 കട മുറികൾ ലേലം/ടെന്റെർ വ്യവസ്ഥയിൽ താഴെപറയുന്ന നിബന്ധനകൾക്ക് വിധേയമായി അനുവദിക്കാൻ ഉദ്ദേശിക്കുന്നു

### നിബന്ധനകൾ

1. ക്ഷേത്ര ജീവനക്കാരോ, ജീവനക്കാരുടെ അടുത്ത ബന്ധുക്കളോ ടെന്റെറിൽ പങ്കെടുക്കാൻ പാടില്ല.
2. മുൻപ് ലൈസൻസ്ഫീസ് അടക്കാതെ കുടിശിഖ വരുത്തിയവർക്കും, ക്ഷേത്രവുമായി ഇടപെട്ട് ബാധ്യതകൾ വരുത്തിയവരും ടെന്റെറിൽ പങ്കെടുക്കാൻ പാടില്ല.
3. ടെന്റെറിൽ പങ്കെടുത്ത് കട ഏറ്റെടുത്ത് നടത്തുന്നവരും, കടയിൽ ജോലിക്കായി നിയോഗിക്കുന്നവരും ഹിന്ദുമതസ്ഥരായിരിക്കണം.
4. ക്ഷേത്ര സുരക്ഷയ്ക്ക് ഭീക്ഷണിയാവുന്ന യാതൊരു പ്രവർത്തിയും കട നടത്തുന്നവരുടെ ഭാഗത്തു നിന്നും ഉണ്ടാവാൻ പാടില്ല.
5. കട ടെന്റെറിൽ പിടിക്കുന്നവർ 200/-മുദ്രപത്രത്തിൽ ക്ഷേത്രം എക്സിക്യൂട്ടീവ് ഓഫീസർ പേർക്ക് ഉടമ്പടി എഴുതി വയ്ക്കണം.
6. 11 മാസത്തെ കാലവധി കഴിഞ്ഞാൽ ഉടമ്പടി പുതുക്കി ലൈസൻസ് ഫീസ് 5% വർദ്ധനവ് വരുത്തി തുടർന്ന് നടത്താൻ അനുവദിക്കുന്നതായിരിക്കും. അങ്ങനെ അനുവദിക്കുന്ന പരാമാവധി കാലാവധി 33 മാസം ആയിരിക്കും.
7. ടെന്റെർ സമർപ്പിക്കുന്നവർ 5,000/-രൂപ നിരതദ്രവ്യം ക്ഷേത്രകൗണ്ടറിൽ ഒടുക്കി രസീത് ടെന്റെറിനൊപ്പം വച്ചിരിക്കണം, നിരതദ്രവ്യം രസീത് വക്കാതെ സമർപ്പിക്കുന്ന ടെന്റെറുകൾ പരിശോധനയിൽ തള്ളുന്നതായിരിക്കും.
8. കട ഒഴിഞ്ഞ്പോകുന്നവർക്ക് അടുത്ത ടെന്റെർ കഴിഞ്ഞശേഷം ഡെപ്പോസിറ്റ് ക്ഷേത്രത്തിലേയ്ക്ക് ഒടുക്കിയ രസീത് ഹാജരാക്കിയാൽ ഡെപ്പോസിറ്റ് തുക തിരികെ നൽകുന്നതായിരിക്കും.
9. ഇലക്ട്രിസിറ്റി, വാട്ടർ ചാർജ് എന്നിവ കട നടത്തുന്നവർ എക്സിക്യൂട്ടീവ് ഓഫീസറുടെ പേരിൽ മുടക്കം കൂടാതെ അടച്ച രസീത് സെക്ഷൻ ക്ലാർക്കിനെ ഏല്പിക്കേണ്ടതാണ്.
10. കടകളിൽ ടെന്റെർഉടമ്പടിയിൽ പറഞ്ഞിട്ടുള്ള കച്ചവടം അല്ലാതെ മറ്റേതെങ്കിലുംതരത്തിലുള്ള പ്രവർത്തി നടക്കുന്നതായി ബോദ്ധ്യപ്പെട്ടാൽ ഉടമ്പടി ടെന്റർ റദ്ദ് ചെയ്യുന്നതായിരിക്കും.

11. ലൈസൻസ് ഫീസ് അതാത് മാസം 10-ാം തീയതിക്ക് മുൻപ് ക്ഷേത്രത്തിലേയ്ക്ക്ഒടുക്കം വരുത്തിയിരിക്കണം. മൂന്ന് മാസത്തിൽ കൂടുതൽ കുടിശിഖ വരുത്തുന്ന പക്ഷം ടെന്റർ വ്യവസ്ഥയുടെ ലംഘനമായി കണ്ട് ടെന്റർ റദ്ദ് ചെയ്യുന്നതായിരിക്കും.

12. കടകളിൽ അനധികൃത നിർമ്മാണ പ്രവർത്തികൾ നടത്തുകയോ, ഫുട്ടുപാത്തിൽ ഇറക്കിവച്ച് കച്ചവടം ചെയ്യുന്നതിനോ സാധനങ്ങൾ പ്രദർശിപ്പിക്കുന്നതിനോപാടില്ല.

13. കടകൾ ടെന്റർ പിടിക്കുന്നവരെ, അവരുടെ കുടുംബാംഗങ്ങളോ മാത്രമേ കട നടത്താൻ പാടുള്ളൂ.

14. കടകൾക്ക് വരുത്തുന്ന നാശനഷ്ടം, സാമ്പത്തികബാദ്ധ്യത എന്നിവ ഈടാക്കി മാത്രമേ ഡെപ്പോസിറ്റ് തുക തിരികെ നൽകൂ.

15. ക്ഷേത്രം നിർദ്ദേശിക്കുന്ന അളവിലും, നീളത്തിലും, നിറത്തിലും ഉള്ള ബോർഡുകൾ മാത്രമേ കടയിൽ വക്കാൻ പാടുള്ളൂ.

16. കടകൾ കൈമാറ്റം ചെയ്യതതായോ, മറ്റാർക്കെങ്കിലും വാടകയ്ക്ക് കൊടുത്തതായോ തക്കതായ കാരണം കൂടാതെ ഒരു മാസത്തിൽ കൂടുതൽ അടച്ചിരിക്കുന്നതായോ എക്സിക്യൂട്ടീവ്ആഫീസർക്ക് ബോദ്ധ്യപ്പെട്ടാൽ ഉടനടി ടെന്റർ റദ്ദ് ചെയ്ത് അടുത്ത നടപടി സ്വീകരിക്കുന്നതായിരിക്കും.

17. കടകളുടെ പരിപൂർണ്ണ ചുമതല മാനേജർക്ക് ആയിരിക്കും.

18. 300 സ്വക്യർ ഫീറ്റ് കടകൾക്ക് മിനിമം ഡെപ്പോസിറ്റ് തുക - 3,00.000.00
    400 സ്വക്യർ ഫീറ്റ് കടകൾക്ക് മിനിമം ഡെപ്പോസിറ്റ് തുക - 4,00.000.00

19. ടെൻഡർ നടപടികളിൽ ക്ഷേത്ര എക്സിക്യൂട്ടീവ് ഓഫീസറുടെ തീരുമാനം അന്തിമമായിരിക്കും.

പ്രസ്തുതയിൽ വർദ്ധനവ് നടത്തി ടെന്റർ സമർപ്പിക്കേണ്ടതാണ്.

<u>ലൈസൻസ് ഫീ നിരക്കുകൾ</u>

| | | | |
|---|---|---|---|
| 1 | 300 സ്വകയർ ഫീറ്റുള്ള കടയ്ക്ക് | പ്രതിമാസം | 3,000 |
| 2 | 400 സ്വകയർ ഫീറ്റുള്ള കടയ്ക്ക് | പ്രതിമാസം | 4,000 |

മേൽപറഞ്ഞ നിബന്ധനകൾക്ക്അനുസരിച്ച് ടെന്റർ സമർപ്പിക്കാൻ താല്പര്യമുള്ളവർഎക്സിക്യൂട്ടീവ്ആഫീസറുടെ പേരിൽ സീൽ ചെയ്ത ടെന്ററുകൾ ~~04.10.202~~1 20.10.2021. തീയതി 3.00 മണിക്കകം മതിലകംആഫീസിലെ ടെന്റർ ബോക്സിൽ നിക്ഷേപിക്കേണ്ടതാണ് ലഭിക്കുന്ന ടെന്ററുകൾ അന്നേ ദിവസം ~~04.10.202~~1 20/10/2021 തീയതി 3.30 മണിക്ക് അപ്പോൾ ഹാജരായിട്ടുള്ളവരുടെ സാന്നിദ്ധ്യത്തിൽ തുറന്ന് പരിശോധിക്കുന്നതും വ്യവസ്ഥകൾ പാലിക്കാത്ത ടെന്റർ പരിശോധനയിൽ തന്നെ തള്ളുന്നതുമായിരിക്കും. വ്യവസ്ഥകൾപാലിച്ച് ഏറ്റവും കൂടിയ ടെന്റർ തുക ക്വാട്ട് ചെയ്തിട്ടുള്ളവരുടെ ടെന്ററുകൾ സ്വീകരിക്കുന്നതുമായിരിക്കും.ടെന്റർ സ്വീകരിച്ച് അറിയിപ്പ് കിട്ടിയാൽ ഉടനടി മുഴുവൻ തുകയുംക്ഷേത്രത്തിലേക്ക് ഒടുക്കേണ്ടതാണ്.

എക്സിക്യൂട്ടീവ് ഓഫീസർ

പകർപ്പ്- എഫ്.ഒ, മാനേജർ, അക്കൗണ്ട്സ് ഓഫീസർ, അസി.അക്കൗണ്ട്സ് ഓഫീസർ, ആഡിറ്റ്, പി.ആർ.ഒ, സ്റ്റോക്ക് ഫയൽ, ഓഫീസ് നോട്ടീസ് ബോർഡ്, നാല് നടകൾ, ശ്രീ. വിജയ് വിജയ്, Server room clerk.